പണിക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല ഈ പൈപ്പുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തന്നെ മാറ്റി സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതുകഴിഞ്ഞാലേ തുടർന്നുള്ള പണികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇനി ഇടാനുള്ള 317 മീറ്ററിനുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. ലഭ്യമാക്കുവാൻ MORTH Format-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ കൺസൾട്ടന്റ്, 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗയോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടി എന്ന നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകളെ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി നടന്നുവരുന്നു.

(സി) ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി.-യുടെ അനുമതി ലഭിക്കുവാനായി, പ്രസ്തുത ദൂരം കൂടി സ്പീവറേജ് നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നെറ്റ്‌വർക്ക് ഡ്രോയിംഗ് സമർപ്പിക്കുവാൻ നിലവിലെ കരാറുകാരന് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ബലിഘട്ട് നിർമ്മാണം

163 (2443) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ മഹാദേവേശ്വരം തേവരുകടവിൽ ബലിഘട്ട് നിർമ്മിക്കുവാൻ ഇറിഗേഷൻ വിഭാഗം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ എത്രയും വേഗം നടപടി സ്വീകരിയ്ക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 25.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പുസാമ്പത്തിക വർഷം അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ അനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) W1-37571/15 എന്ന നമ്പരിൽ പ്രസ്തുത വിഷയം ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly